# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.48
## 29/06/2015 - ലെ മറുപടിക്ക്

## 2011-ലെ ധവളപത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>,, എം.എ.ബേബി<br>,, എം.ഹംസ<br>,, കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2011ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുമെന്ന വാഗ്ദാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ; | 2011 ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15 ൽ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന് വാഗ്ദാനം നൽകിയിട്ടില്ല. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയ (Medium Term Fiscal Correction Path) അനുസരിച്ച് 2014-15 ൽ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതുണ്ട്. എന്നാൽ, ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax - GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ (Debt - GSDP ഒഴികെ) നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. |
| (ബി) റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | |
| (സി) ധനകാര്യമാനേജ്മെന്റ് അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞതായത് സംസ്ഥാനത്ത് റവന്യൂ കമ്മി വർദ്ധിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ ധനകാര്യമാനേജ്മെന്റിൽ അഴിമതിയും കെടുകാര്യസ്ഥതയും നിലനിൽക്കുന്നില്ല. ആയതിനാൽ അക്കാരണത്താലാണ് റവന്യൂകമ്മി വർദ്ധിക്കുന്നതെന്ന് പറയാൻ കഴിയുകയില്ല. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>➢ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. |

- പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.
- നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
- ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.
- 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.
- മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.
- പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.

| | |
|---|---|
| | ➢ ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.<br><br>➢ സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിഗതികളെ കുറിച്ചുള്ള ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ? | ധനഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യത്തിനുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിറുത്തുവാൻ സാധിച്ചിട്ടുള്ളതിനാലും 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്രവിഹിതത്തിലുണ്ടായിട്ടുള്ള വർദ്ധനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ധവളപത്രം പുറപ്പെടുവിക്കുവാനുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നില്ല. |

*സെക്ഷൻ ഓഫീസർ*